# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2345** **11/10/2011-ൽ മറുപടിക്ക്**

## വിദ്യാഭ്യാസ പദ്ധതികളും കേന്ദ്രസഹായവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേന്ദ്രസഹായത്തോടെ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;<br><br>ബി) ഇവ ഓരോന്നിനും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ച കേന്ദ്രസഹായം എത്രരൂപ വീതമെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രവീതമെന്നും വ്യക്തമാക്കുമോ; | എ) & ബി) | കേന്ദ്ര സഹായത്തോടെ ഇപ്പോൾ സംസ്ഥാനത്തു പ്രവർത്തിക്കുന്ന കേന്ദ്ര വിദ്യാഭ്യാസ പദ്ധതികൾ ഇവയാണ്:<br><br>1. സ്കൂളുകളിൽ വിവര സാങ്കേതിക വിദ്യാവികസനം (ഐ.സി.ടി ഇൻ സ്കൂൾ, ഐടി അറ്റ് സ്കൂൾ, എസ്.ഐ.ഇ.ടി എന്നിവ വഴി)<br>2. സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ)<br>3. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)<br>4. വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ജില്ലാതല ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്)<br>5. മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ്<br>6. സെക്കണ്ടറി വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസന്റീവ്.<br>7. മദ്രസാ വിദ്യാഭ്യാസം ആധുനിക വൽക്കരിക്കൽ<br>8. വികലാംഗർക്കുള്ള ഏകീകൃത വിദ്യാഭ്യാസം (ഐ.ഇ.ഡി.സി)<br>9. ഡയറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കൽ<br>10. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കായുള്ള സാമ്പത്തിക സഹായം (ഐ. ഡി. എം.ഐ)<br>11. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം<br>12. ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രീ മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.<br>13. വിദ്യാർത്ഥികൾക്ക് പാൽ വിതരണം |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായും കഴിഞ്ഞ അഞ്ചു വർഷത്തിനിടെ (2006-2011) ഓരോ പദ്ധതിക്കും ലഭിച്ച കേന്ദ്ര സഹായവും ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം I ആയും ചേർക്കുന്നു. |
| സി) | ഏതെങ്കിലും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് പരാതി ഉണ്ടോ; എങ്കിൽ പരാതിയെക്കുറിച്ച് ഇപ്പോൾ അന്വേഷണം നടന്നുവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സി) | എസ്.എസ്.എ. നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചല്ലാതെ പരാതികളൊന്നും ലഭിച്ചിട്ടില്ല. എസ്.എസ്.എ.യുടെ പദ്ധതി നടത്തിപ്പിനെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. |
| ഡി) | കേന്ദ്രസഹായം ലഭ്യമാകുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടത്തിപ്പിൽ കൂടുതൽ സുതാര്യത കൈവരുത്തുന്നതിനും എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ഡി) | നിലവിൽ പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തു പ്രവർത്തിക്കുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം. | പദ്ധതി | വിശദാംശങ്ങൾ |
|---|---|---|
| 1 | ഐ.സി.ടി. ഇൻ. സ്കൂൾ | സ്കൂളുകൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് ആവശ്യമായ ഉപകരണങ്ങളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കാനും അദ്ധ്യാപകർക്ക് ഐ.ടി. പരിശീലനം നൽകാനും ഉള്ളടക്ക വികസനത്തിനുമാണ് ഐ.സി.ടി. ഇൻ. സ്കൂൾ |
| 2. | സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) | പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും ഈ മേഖലയുടെ ഗുണപരമായ വികസനത്തിനും വളർച്ചക്കമുള്ള പദ്ധതികളാണ് എസ്.എസ്.എ. നടപ്പാക്കുന്നത് |
| 3 | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) | സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ആർ.എം.എസ്.എ. |
| 4 | വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ജില്ലാതല ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്) | അക്കാദമിക് സാങ്കേതിക രംഗങ്ങളിൽ അടിത്തറ സൃഷ്ടിക്കാനും അറിവുകൾ വർദ്ധിപ്പിക്കാനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും സ്കൂൾ അദ്ധ്യാപകരുടെ കമ്പ്യൂട്ടർ പരിജ്ഞാനം മെച്ചപ്പെടുത്താനുമുള്ള പദ്ധതികളാണ് ഡയറ്റ് ആവിഷ്ക്കരിക്കുന്നത് |
| 5. | മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് | ഒന്നര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള മാതാപിതാക്കളുടെ, 9ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| 6. | സെക്കണ്ടറി വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസന്റീവ്. | ഗവൺമെന്റ് /എയിഡഡ് തദ്ദേശസ്വയംഭരണ സ്കൂളുകളിൽ നിന്ന് 8-ാം ക്ലാസ്സ് ജയിച്ച് 9 ൽ ചേർന്ന പട്ടികജാതി /പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള പദ്ധതി |
| 7 | മദ്രസാ വിദ്യാഭ്യാസം ആധുനിക വൽക്കരിക്കൽ | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഇംഗ്ലീഷ്, ഹിന്ദി എന്നിവകൂടി പഠിപ്പിക്കാനായി മദ്രസകൾക്ക് ധനസഹായം |
| 8 | വികലാംഗർക്കുള്ള ഏകീകൃത വിദ്യാഭ്യാസം (ഐ.ഇ.ഡി.സി) | സെക്കണ്ടറി തലത്തിൽ വികലാംഗ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സംയോജിത വിദ്യാഭ്യാസ പരിപാടി |
| 9 | ഡയറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കൽ | സംസ്ഥാനത്തെ ഡയറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം |

(......2)

| | | |
|---|---|---|
| 10 | ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കായുള്ള സാമ്പത്തിക സഹായം (ഐ. ഡി.എം.ഐ) | ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക. |
| 11 | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ഉറപ്പാക്കുക. |
| 12 | ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രീ മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രീ മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം നടത്തുക. |
| 13 | വിദ്യാർത്ഥികൾക്ക് പാൽ വിതരണം | വിദ്യാർത്ഥികൾക്ക് പാൽ വിതരണം ചെയ്യുക. |

… പ്രധാന വിദ്യാഭ്യാസ പദ്ധതികൾക്ക് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ലഭിച്ച ധനസഹായവും ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും (ലക്ഷം രൂപയിൽ)

| ക്രമ നം. | പദ്ധതി | ലഭിച്ച തുക | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഐ.സി.ടി. ഇൻ. സ്കൂൾ-ഐ.ടി. അറ്റ് സ്കൂൾ മുഖേന | 13229 | 13229 | 2007-08 മുതൽ |
| | ഐ.സി.ടി. ഇൻ. സ്കൂൾ-എസ്.ഐ.ഇ.ടി മുഖേന | 503.45 | 503.45 | |
| 2. | സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) | 57208.84 | 85674.96 | സംസ്ഥാന വിഹിതവും നീക്കിയിരിപ്പും അടക്കം |
| 3 | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) | 2406 | 2666 | പദ്ധതി ആരംഭിച്ചത് 2009 മാർച്ചിൽ ചെലവ് സംസ്ഥാന വിഹിതം അടക്കം |
| 4 | വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ജില്ലാതല ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്) | 6706.19 | 4844.69 | |
| 5. | മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് | 4031.80 | 3406.66 | |
| 6 | സെക്കണ്ടറി വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസന്റീവ്. | 2192.18 | 1492.18 | |
| 7 | മദ്രസാ വിദ്യാഭ്യാസം ആധുനിക വൽക്കരിക്കൽ | 2523 | 23 | |
| 8 | വികലാംഗർക്കുള്ള ഏകീകൃത വിദ്യാഭ്യാസം (ഐ.ഇ.ഡി.സി) | 8145.19 | 5842.95 | |
| 9 | ഡയറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കൽ | 84 | 0 | |

| | | | | |
|---|---|---|---|---|
| 10 | ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കായുള്ള സാമ്പത്തിക സഹായം (ഐ. ഡി.എം.ഐ) | 108.73 | 108.73 | |
| 11 | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം | 1675 | 0 | |
| 12 | ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രീ മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 9348.64 | 5459.64 | |
| 13 | വിദ്യാർത്ഥികൾക്ക് പാൽ വിതരണം | 5327 | 2300 | |